**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറി സംഭരണത്തിൽ ഹോർട്ടികോർപ്പിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | പച്ചക്കറി സംഭരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഹോർട്ടികോപ്പിന്റെ ഫലപ്രദമായ ഇടപെടൽ സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് പലപ്പോഴും ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിക്കുന്നതെന്ന ആക്ഷേപത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും പൊതുവിപണി വിലയേക്കാൾ കുറയാത്ത രീതിയിലുള്ള വില നിശ്ചയിച്ചാണ് സംഭരണം നടത്തി വരുന്നത്. കൂടാതെ ഓണക്കാലത്ത് വിപണി വിലയെക്കാൾ 10% അധിക വില നൽകിയാണ് ഹോർട്ടികോർപ്പ് സംഭരണം നടത്തുന്നത്. |
| (സി) | പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കുമെന്ന് അറിയിക്കുമോ? | (സി) | കോവിഡ് 19 കാലഘട്ടത്തിൽ കർഷകർ ഉത്പാദിപ്പിച്ച പഴം പച്ചക്കറികൾ യഥാസമയം വിറ്റഴിക്കുന്നതിനു പ്രയാസം നേരിട്ട സാഹചര്യത്തിലും കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ച ഇനത്തിൽ നൽകാനുള്ള തുകയിൽ കുടിശ്ശിക വന്ന സാഹചര്യത്തിലും, ഓണം-വിഷു വിപണികളുടെ നടത്തിപ്പിനു ശേഷം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ അക്കൗണ്ടിൽ ലഭ്യമായിരുന്ന തുക റിവോൾവിങ് ഫണ്ടായി ഉപയോഗിച്ച് കർഷകരുടെ ഉത്പന്നങ്ങൾ ശേഖരിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും ഹോർട്ടികോർപ്പ് ശേഖരിച്ച പഴം പച്ചക്കറികളുടെ വിലയിനത്തിൽ നാളിതുവരെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് 11,71,40,108/- രൂപ നല്കിയിട്ടുമുണ്ട്. സർക്കാർ റിവോൾവിംഗ് ഫണ്ടായി നൽകിയ മേപ്പടി തുക ഹോർട്ടികോർപ്പ് ഘട്ടംഘട്ടമായി തിരികെ സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. മേപ്പടി തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ബാക്കി തുകയും ഘട്ടംഘട്ടമായി കർഷകർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ